# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3893** **19.03.2018 ലെ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് കോളേജുകളിൽ സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ് ഫോറം പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>'' അൻവർ സാദത്ത്<br>''ഐ.സി. ബാലകൃഷ്ണൻ<br>''അനിൽ അക്കര | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) എഞ്ചിനീയറിംഗ് കോളേജുകളിൽ വെർച്വൽ ക്ലാസ്സ് മുറികൾ സ്ഥാപിക്കുന്ന സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ് ഫോറം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) എങ്കിൽ ആരുടെ നേതൃത്വത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇതിനകം എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഈ പദ്ധതിയിൽ ചേർന്നുവെന്നറിയിക്കുമോ;<br><br>(ഡി) കോളേജുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടി ഏത് ഘട്ടത്തിലാണ്; എത്ര രൂപയുടെ സാധനങ്ങളാണ് പ്രസ്തുത ടെൻഡറിലൂടെ വാങ്ങുന്നത്;<br><br>(ഇ) സർക്കാർ മേഖലയിലുള്ള കോളേജുകൾക്ക് പുറമേ സ്വാശ്രയ മേഖലയിലുള്ള കോളേജുകളിലും പദ്ധതി പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ് ഫോം കേരള (എസ്.ഡി.പി.കെ) നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. ഈ പദ്ധതിയിൽ സാങ്കേതിക വൈദഗ്ധ്യത്തോടൊപ്പം തൊഴിൽപരമായ ഔചിത്യം കൂടി വികസിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഐ. സി. റ്റി അക്കാഡമി ഓഫ് കേരള ആണ് ഈ ശേഷി വികസന പരിശീലനത്തിന്റെ പാഠ്യപദ്ധതി തയ്യാറാക്കലും നടത്തിപ്പും ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും അർഹരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകിവരികയാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനമായി എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഓരോ നോഡൽ ആഫീസർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. കോളേജുകളിൽ നടത്തിപ്പിനായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം സ്ഥാപിക്കുന്ന ചുമതല കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്. നിലവിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ